**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**നടപടിക്രമം**

സാങ്കേതികം- വിദ്യാഭ്യാസം – സാങ്കേതികം വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ശ്രീ. അബ്ദുൾ ജലീൽ .പി.പി. ഇലക്ട്രിക്കൽ വിഭാഗം ട്രേഡ് ഇൻ സ്ട്രക്ടർ അച്ചടക്കനടപടിയുടെ ഭാഗമായി സ്ഥലംമാറ്റം നൽകി - ഉത്തരവാകുന്നു

---

**ജീവനക്കാര്യം ( ഇബി2) വിഭാഗം**

**നം. DTETVM/5119/2026-EB2 (EB)** **തിരുവനന്തപുരം, തീയതി: 11-09-2026**

---

പരാമർശം:- 1. പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിൻറെ 10/06/2026 ലെ GPCPMA/141/2026/C1 നമ്പർ കത്ത്

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിയ്ക്കുന്ന പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. അബ്ദുൾ ജലീൽ പി. പി., പരീക്ഷയ്ക്കിടയിൽ വിദ്യാർത്ഥികളോട് അപമര്യാദയായി പെരുമാറിയതിനാൽ ടിയാനെതിരെ നടപടി സ്വീകരിയ്ക്കണമെന്ന് ICC ശിപാർശ ചെയ്യുകയും, വിദ്യാർത്ഥികളുടെ ഭാവിയേയും സുരക്ഷയേയും കരുതി ആരോപണവിധേയനായ അദ്ധ്യാപകൻറെ സാന്നിദ്ധ്യം ഒഴിവാക്കണമെന്ന് വകുപ്പ് മേധാവി അറിയിച്ചിരിയ്ക്കുകയും ടി നിർദ്ദേശം ICC റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് മാർഗ്ഗദർശ്ശിയാകേണ്ടതും നല്ല രീതിയിൽ മുന്നോട്ട് നയിക്കേണ്ടതുമായി ഒരദ്ധ്യാപകൻറെ ഭാഗത്ത് നിന്ന് ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടായത് ഗൗരവമേറിയ വിഷയവുമാണ്.

ഈ സാഹചര്യത്തിൽ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. അബ്ദുൾ ജലീൽ .പി.പി യെ അച്ചടക്കനടപടിയുടെ ഭാഗമായി സർക്കാർ പോളിടെക്നിക് കോളേജ് നടുവിലെ തുറന്ന ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു. സ്ഥാപനമേധാവി ഉടൻപ്രാബല്യത്തിൽ ടിയാനെ വിടുതൽ ചെയ്യേണ്ടതും വിടുതൽ/ചേരുകാലം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Digitally signed by
Savier J S
Date: 11-09-2026
15:58:47

**#ApprovedByName#**
**#ApprovedByDesignation#**

സ്വീകർത്താവ്,

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാരിയക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി